"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (IRTC) - പുതിയ അക്രഡിറ്റേഷന്റെ അപേക്ഷയിൽ തീരുമാനമാകുന്നത് വരെ നിലവിലുള്ള അക്രഡിറ്റേഷന്റെ കാലാവധി ദീർഘിപ്പിച്ച് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2585/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 16/12/2021

പരാമർശം:-
1. 30.03.2013 ലെ സ.ഉ. (എം.എസ്.) നം.133/2013/തസ്വഭവ
2. 27.07.2015 ലെ സ.ഉ. (സാധാ) നം. 2303/2015/തസ്വഭവ
3. ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ ഡയറക്ടറുടെ 26.11.2021, 3.12.2021 തീയതികളിലെ കത്തുകൾ.

**ഉത്തരവ്**

പഞ്ചായത്ത് വിഭവ ഭൂപട നിർമ്മാണം, വൈദ്യുത ലൈൻ ഭൂപട നിർമ്മാണം, നീർത്തട വികസനം, മഴവെള്ള സംഭരണം, ഖരമാലിന്യ സംസ്കരണ പ്രോജക്ടുകളുടെ നിർവ്വഹണം എന്നീ മേഖലകളിൽ ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (IRTC) എന്ന സ്ഥാപനത്തിന് നിലവിലുണ്ടായിരുന്ന അക്രഡിറ്റേഷൻ പരാമർശം (2) പ്രകാരം പുതുക്കി നൽകിയിരുന്നു.

2. അക്രെഡിറ്റേഷൻ ഇല്ലാതെയാകുന്നത് നിലവിൽ കരാറിൽ ഏർപ്പെട്ടിട്ടുള്ള നിരവധി തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തെ പ്രതികൂലമായി ബാധിക്കുമെന്നും അതിനാൽ അക്രഡിറ്റേഷൻ സംബന്ധിച്ച് കിലയുടെ പരിശോധന നടപടികൾ പൂർത്തിയാക്കി സർക്കാർ തീരുമാനമെടുക്കുന്നത് വരെ നിലവിൽ ഉള്ള അക്രെഡിറ്റേഷന് പ്രാബല്യം നൽകണമെന്ന് ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. പരാമർശം (1) മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ പുതിയ അക്രഡിറ്റേഷന്റെ അപേക്ഷ സ്ഥാപനം സമർപ്പിക്കുകയുമുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശുചിത്വ - മാലിന്യ സംസ്കരണ മേഖലയിലെ ഏജൻസിയുടെ പ്രവർത്തനങ്ങളെ മാനിച്ചും നിലവിൽ നടത്തിവരുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തിന് തടസ്സം വരുന്നത് ഒഴിവാക്കുന്നതിനായും പുതിയ അക്രഡിറ്റേഷന്റെ അപേക്ഷയിൽ തീരുമാനമാകുന്നത് വരെ ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (IRTC) എന്ന സ്ഥാപനത്തിന്റെ പരാമർശം (2) പ്രകാരമുള്ള അക്രഡിറ്റേഷന്റെ കാലപരിധി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

## File No.LSGD-DA1/16/2020-LSGD

ഡയറക്ടർ, ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ, മുണ്ടൂർ, പാലക്കാട്
പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റമാർക്കും സെക്രട്ടറിമാർക്കും
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
ഡയറക്ടർ ജനറൽ, കില
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Sureshkumar K
Date: 21-12-2021 11:49:52
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്